പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന ലിസ്റ്റുകളുടെ കാലാവധി

377. [562] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന ലിസ്റ്റുകളുടെ കാലാവധി എത്ര വർഷമാണെന്ന് വെളിപ്പെടുത്താമോ ;

(ബി) കാലാവധി കഴിയാറായിട്ടും ഒരാൾക്കുപോലും നിയമനം ലഭിച്ചിട്ടില്ലാത്ത എത്ര ലിസ്റ്റുകൾ പബ്ലിക് സർവ്വീസ് കമ്മീഷന്റെ മുൻപാകെയുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) റാങ്കു ലിസ്റ്റിന്റെ കാലാവധി ഉയർത്തുന്ന കാര്യം അനുഭാവ പൂർവ്വം പരിഗണിക്കാമോ ?

ഉത്തരം

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ തയ്യാറാക്കുന്ന റാങ്കുലിസ്റ്റുകൾ പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും, ഏറ്റവും കൂടിയത് മൂന്നു വർഷവും നിലനിൽക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം അതേ തസ്തികയ്ക്ക് ഒരു പുതിയ റാങ്കുലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ആദ്യത്തെ ലിസ്റ്റിന് പ്രാബല്യമില്ലാതായിത്തീരും.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഓരോ വർഷവും ഉദ്യോഗത്തിനായി അപേക്ഷ അയയ്ക്കാൻ അർഹത നേടുന്ന ഉദ്യോഗാർത്ഥികളെ ഇത് പ്രതികൂലമായി ബാധിക്കുമെന്നുള്ളതുകൊണ്ട് റാങ്കുലിസ്റ്റിന്റെ കാലാവധി ഇനിയും ഉയർത്താൻ നിർവാഹമില്ല.

ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ കുട്ടികളുടെ വാർഡിൽ സ്റ്റാഫിനെ നിയമിക്കാൻ നടപടി

378. [563] ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റാഫിനെ നിയമിക്കാത്തതു നിമിത്തം ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ പണി പൂർത്തിയായ, കുട്ടികളുടെ വാർഡ് പ്രവർത്തനമാരംഭിക്കാത്ത വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ വാർഡിലേക്ക് ആവശ്യമായ സ്റ്റാഫിനെ നിയമിക്കുവാൻ സത്വര നടപടികളും സ്വീകരിക്കുമോ ?

ഉത്തരം

(എ) ചങ്ങനാശ്ശേരി ആശുപത്രിയിൽ കുട്ടികളുടെ വാർഡ് പണി പൂർത്തീയായതായി പൊതുമരാമത്തു വകുപ്പിൽ നിന്നും ഇപ്പോൾ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) ഇതിനുവേണ്ട തസ്തികകൾ സൃഷ്ടിക്കുന്നതിന് സത്വര നടപടികൾ എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly